അരിവിലെ.

* 1774. [21] ശ്രീ. കെ. അവുക്കാദർകുട്ടി നഹ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അരിവില ന്യായമായ തോതിൽ നിലനിൽത്താനും വിലക്കയറ്റം തടയാനുമായി 1957-58, 1958-59 കൊല്ലങ്ങളിൽ എത്ര രൂപ ഗവണ്മെന്റ് സബ്സിഡിയായി നൽകിയിട്ടുണ്ട് ;

(ബി) ഈ സബ്സിഡിക്ക് ഇൻഡ്യാഗവണ്മെന്റിൽനിന്ന് മേൽ കൊല്ലങ്ങളിൽ വല്ലതും ലഭിച്ചുവോ; ഉണ്ടെങ്കിൽ എത്ര ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) 1957-58 ൽ ഏകദേശം 34 ലക്ഷം രൂപയും, 1958-59-ൽ 58 ലക്ഷം രൂപയും ഗവണ്മെന്റ് സബ്സിഡിയായി നൽകിയിട്ടുണ്ടെന്നു കണക്കാക്കപ്പെടുന്നു. കണക്കുകൾ പൂർത്തിയായിക്കഴിഞ്ഞിട്ടില്ലാത്തതിനാൽ ശരിയായ സംഖ്യ എത്രയാണെന്നു ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

(ബി) ഇൻഡ്യാഗവണ്മെന്റിൽനിന്നും സബ്സിഡി ഇനത്തിൽ ഈ ഗവണ്മെന്റിനു ഒരു തുകയും ഈ കൊല്ലങ്ങളിൽ ലഭിച്ചിട്ടില്ല.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ഈ സംഖ്യ അരി ട്രാൻസ്പോർട്ട് ചെയ്തതിനു ചെലവായ സംഖ്യയാണോ അതോ അരി വിറ്റവകയിൽ വന്ന നഷ്ടമാണോ ?

ശ്രീ. സി. അച്യുതമേനോൻ : അരി വില കുറച്ചു വിറ്റതിൽ ഈ സ്റ്റോറുഗവണ്മെന്റ് സഹിച്ച നഷ്ടമാണ്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഇപ്പോൾ അരിയുടെ വില കൂടിയിട്ടുള്ളതായി ഗവണ്മെന്റിനറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : അറിയാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : സബ്സിഡി കൂട്ടിക്കിട്ടണമെന്ന് കേന്ദ്രഗവണ്മെന്റിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഉണ്ട്.

ശ്രീ. കെ. എം. ജോർജ്ജ് : അരി വില കുറച്ചു കൊടുക്കുന്നതിനു് വേണ്ടി ഒരു കോടി രൂപ സബ്സിഡി കിട്ടാൻ വേണ്ട നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ഒരു കോടിയിൽക്കൂടുതൽ ഇപ്പോൾ സബ്സിഡി വരും. അങ്ങനെയാണെങ്കിലും നാഷണൽ ഡിവലപ്മെന്റ് കൗൺസിലിന്റെ അടുത്ത യോഗത്തിൽ ഒരു സ്റ്റോറിനും സബ്സിഡി കൊടുക്കുകയില്ലെന്നും നോ പ്രാഫിറ്റ്, നൊ ലോസ്സ് എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് സ്റ്റോറുകൾ ട്രെയ്ഡിംഗ് നടത്തേണ്ടതെന്നും പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ് : ഇപ്പോൾ അരിക്കു് ഒരിടങ്ങഴിക്കു് ഒരു രൂപവരെ വിലയായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ കഴിവനുസരിച്ചു് ഒന്നരണയ്ക്കു് ഒരിടങ്ങഴി കൊടുക്കുന്നതിനു വേണ്ട നടപടികളെടുക്കുവാൻ ഒരുങ്ങുമോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ഈ രാജ്യത്തെ പതിമൂന്നു സ്റ്റോറുകളിൽ ചെയ്യാത്തതും, കേന്ദ്രഗവണ്മെന്റ് ചെയ്യുവാൻ അനുവദിക്കാത്തതുമായ കാര്യം നാം ചെയ്യണമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ്: കേരളം പോലെ ഭക്ഷ്യക്കമ്മിയുള്ള സംസ്ഥാനം വേറെയില്ലാത്തതുകൊണ്ട് മുൻകാലങ്ങളിലുള്ള ഗവണ്മെൻറ് ചെയ്തിരുന്നതു പോലെ നഷ്ടംസഹിച്ച് കുറഞ്ഞവിലയ്ക്ക് ജനങ്ങൾക്ക് അരി കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: ഇന്ന അങ്ങനെചെയ്യാൻ പാടില്ലെന്ന കേന്ദ്രം വ്യക്തമായി പറയുന്നനിലയ്ക്ക് നാമൊന്നുകൂടി അതിനെക്കുറിച്ചു ആലോചിക്കേണ്ടതാണ്.

ശ്രീ. പി. ടി. ചാക്കോ: 1957-58-ൽ കേന്ദ്രത്തിൽനിന്ന നമുക്ക തരുന്ന ഒരു ചാക്കരിക്ക് 8 രൂപ സബ്സിഡി കിട്ടുന്നുണ്ടെന്ന് കഴിഞ്ഞ കൊല്ലം ഭക്ഷ്യമന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളതു് കൃത്യമാണെന്ന ധരിക്കണമോ ?

ശ്രീ. സി. അച്യുതമേനോൻ: അരി വിൽക്കുന്നതിൽ ഈ ഗവണ്മെൻറ് സഹിക്കുന്ന നഷ്ടമാണ് സബ്സിഡിയായിട്ട പറഞ്ഞിരിക്കുന്നതു്.

ശ്രീ. പി. ടി. ചാക്കോ: ഈ ഗവണ്മെൻറിനു കേന്ദ്രത്തിൽനിന്നുതരുന്ന അരിയുടെ കാര്യത്തിൽ സബ്സിഡി കിട്ടിയിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ: സബ്സിഡികിട്ടിയിട്ടില്ല. കേന്ദ്രത്തിൽ നിന്നു തരുന്ന അരി ഇന്നവിലയ്ക്കു വിറ്റുകൊള്ളുവാൻ അവർ പറയുകയാണ് ചെയ്യുന്നതു്.

ശ്രീ. പി. ടി. ചാക്കോ: ഒരു ചാക്കരിക്ക 8 രൂപ സബ്സിഡി കിട്ടുന്നുണ്ടെന്ന് ഭക്ഷ്യമന്ത്രി കഴിഞ്ഞകൊല്ലം ചെയ്ത പ്രസ്താവനയാണോശരി, ഇന്നു ധനകാര്യമന്ത്രി ചെയ്ത പ്രസ്താവനയാണോശരി ?

ശ്രീ. സി. അച്യുതമേനോൻ: കേന്ദ്രത്തിൽനിന്നുവരുന്ന അരി 32 രൂപയ്ക്കു വിറ്റുകൊള്ളുവാൻ അവർ പറയും. അതിലെന്തു നഷ്ടം കേന്ദ്രത്തിനു വന്നിട്ടുണ്ടെന്നു പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ പറയാം. ഈ ചോദ്യത്തിൽ എത്ര രൂപ ഗവണ്മെൻറ് സബ്സിഡിയായി നൽകിയിട്ടുണ്ടെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നതു്. ഗവണ്മെൻറിൽനിന്നും അരി വില്പനയിൽ സഹിച്ച നഷ്ടമാണ് ഞാനിവിടെ പറഞ്ഞതു്.

ശ്രീ. പി. ടി. ചാക്കോ: പ്രത്യേകം ചോദ്യം ചോദിച്ചാൽ മറുപടി പറയാം എന്നു പറഞ്ഞിട്ടുള്ളതുകൊണ്ട് കേന്ദ്രഗവണ്മെൻറ് തന്നിട്ടുള്ള ഓരോ ചാക്കരിക്കും എത്ര രൂപയാണ് നഷ്ടം വന്നിട്ടുള്ളതെന്നറിയാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ കഴിഞ്ഞകൊല്ലം ചാക്കൊന്നിനു 8 രൂപ നഷ്ടം സഹിച്ചിരുന്നു. അങ്ങനെ നഷ്ടം സഹിച്ചാണ് അരിവിറ്റിരുന്നതു് എന്നു് ആ വകുപ്പു മന്ത്രി പറഞ്ഞിട്ടുള്ളതു ശരിയല്ലെന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. സി. അച്യുതമേനോൻ: അവർ തരുന്ന അരിയെ സംബന്ധിച്ചിടത്തോളം നാം അക്കൗണ്ടു ചെയ്യേണ്ട കാര്യമേയില്ല. അവർ തരുന്ന അരി ഇത്ര രൂപ വച്ചു വിറ്റുകൊള്ളണമെന്ന മാത്രമെയുള്ളൂ. അതുകൊണ്ട് എത്രയാണ് നഷ്ടം എന്നു നോക്കേണ്ട കാര്യമില്ല. അവർ അരി തരും, നാം അതു വിറ്റോളണം. ഈ ഗവണ്മെൻറ് നേരിട്ടു വാങ്ങിച്ചു് ഡിസ്ട്രിബ്യൂട്ടു ചെയ്തിട്ടുള്ളതിൽനിന്നും ഉണ്ടായിട്ടുള്ളതാണ് 34 ലക്ഷം രൂപയെന്നും 58 ലക്ഷം രൂപയെന്നും പറഞ്ഞതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: കേന്ദ്രഗവണ്മെൻറ തരുന്ന അരിക്ക് ചാക്കൊന്നിനു എട്ടുരൂപവച്ചു നഷ്ടം സഹിക്കുന്നുണ്ട് എന്നു ഭക്ഷ്യവകുപ്പുമന്ത്രി പറഞ്ഞതു് ഇവിടത്തെ കണക്കുവച്ചുകൊണ്ടാണോ ?

ശ്രീ. സി. അച്യുതമേനോൻ: ഇവിടെ മുപ്പത്തിരണ്ടു രൂപയ്ക്കു അരി കൊടുക്കുമ്പോൾ ഏകദേശം ഒരു ചാക്കിന്മേൽ എട്ടു രൂപ നഷ്ടം സഹിക്കേണ്ടിവരുമെന്നു കണക്കാക്കിപറഞ്ഞതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. വിശ്വനാഥൻ : 1957-58-ൽ 34 ലക്ഷം രൂപ നഷ്ടം സഹിച്ചു എന്നു പറഞ്ഞു. ഈ സംഖ്യ ഏതെല്ലാം ചെലവുകൾ ഉൾപ്പെട്ടിട്ടുള്ളതാണെന്നു പറയാൻ കഴിയുമോ ?

ശ്രീ. സി. അച്യുതമേനോൻ : അതു പ്രത്യേകം നോട്ടീസുണ്ടെങ്കിൽ പറയാം.

ശ്രീ. പി. ടി. ചാക്കോ : ആ സ്ഥായിൽ നിന്നും ഈ ഗവണ്മെൻറ് നേരിട്ടുവാങ്ങിയ 26,000 ടൺ അരിക്കു വേണ്ടി എത്ര രൂപ നഷ്ടപ്പെട്ടിട്ടുണ്ടെന്നു പറയുമോ ?

ശ്രീ. സി. അച്യുതമേനോൻ : ആ വിവരം ഇപ്പോൾ കൈവശമില്ല.

ശ്രീ. പി. ടി. ചാക്കോ : ഈ നഷ്ടപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞ തുകയിൽ ആസ്ഥായിൽനിന്നും വാങ്ങിയ വിലയിലും ഇവിടെ കൊടുത്തവിലയിലും വന്നിട്ടുള്ള നഷ്ടം കൂടി ഉൾപ്പെട്ടിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഉണ്ട്.

ശ്രീ. പി. ടി. ചാക്കോ : അങ്ങനെയാണെങ്കിൽ ആ മുപ്പത്തിനാലുലക്ഷത്തിൽ ആസ്ഥായിലേയും മദ്രാസിലേയും ചില തടിക്കച്ചവടക്കാർക്കും മറ്റുമായി കൊടുത്തിട്ടുള്ളതും ഉൾപ്പെട്ടുമെന്നു വിചാരിക്കാമോ ?

ശ്രീ. സി. അച്യുതമേനോൻ : അതപ്പാടെ തെറ്റാണ്. അവിടെ അരിവാങ്ങിച്ച വിലയിൽനിന്നു കുറച്ചു ഇവിടെ വിറ്റു. അതിൽ നിന്നുണ്ടായിട്ടുള്ള നഷ്ടമാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ അരിയുടെ വില, ക്രമാതീതമായി വർദ്ധിച്ചുവരുന്നതുകൊണ്ട് അതിനെ നിയന്ത്രിക്കാൻ ഒരു സ്റ്റോറേജ് ഡിപ്പോ പദ്ധതി ഇവിടെ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അതിനു വളരെ അധികം ബുദ്ധിമുട്ടുകളുണ്ട്. സ്റ്റോറേജ് ഡിപ്പോ പദ്ധതി ഈ ഗവണ്മെൻറ് നടപ്പിലാക്കണമെന്നുണ്ടെങ്കിൽ ഒരു assured stock ഇവിടെ വേണം. അങ്ങനെ assured stock ഇല്ലാതെ തുടങ്ങിയാൽ കിട്ടുന്നതുകൂടിയില്ലാതാകും.

ശ്രീ. എം. നാരായണക്കുറുപ്പ് : സ്റ്റോറേജ് ഡിപ്പോ കാർപ്പറേഷൻ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ഈ ഗവണ്മെൻറ് കേന്ദ്രഗവണ്മെൻറുമായി അഭിപ്രായ വിനിമയം ചെയ്തുകൊണ്ടിരുന്നിട്ട് അതേപ്പറ്റി തീരുമാനമായോ ?

ശ്രീ. സി. അച്യുതമേനോൻ : തീരുമാനമായിട്ടില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഇന്നത്തെ ഈ അരിവില കുറയ്ക്കാൻ വല്ല മാർഗ്ഗങ്ങളും ആലോചിക്കുന്നുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : മാർഗ്ഗങ്ങളും പലതും ആലോചിക്കുന്നുണ്ട്. പക്ഷെ നാം മാത്രം ആലോചിച്ചാൽ പോരാ.

ഇൻവെസ്റ്റിഗേറ്റർമാരുടെ നിയമനം.

* 1775. [22] ശ്രീ. പി. രാമുണ്ണിക്കുറുപ്പ് † : താഴെ കാണുന്ന ചോദ്യം അംഗങ്ങൾ ടൗൺസ്ഥാർട്ടും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ സഹകരണസംഘങ്ങളുടെ സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നതിനു ഇൻവെസ്റ്റിഗേറ്റർമാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരാണവരെ നിയമിച്ചതു ;

† As the Member was absent the question was put by Shri P. M. Kunhiraman Nambiar with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly